പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നിയമസഭാ ചോദ്യം നമ്പർ: 514 04.02.2020 ലെ മറുപടിയ്ക്ക്

**പീരുമേട് നിയോജകമണ്ഡലത്തിൽ ഒരു സബ്ട്രഷറി കൂടി ആരംഭിക്കുവാനുള്ള നടപടി**

ചോദ്യം

ശ്രീമതി ഇ.എസ്.ബിജിമോൾ

ഉത്തരം

ഡോ.റ്റി.എം.തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | അതിവിസ്തൃതമായ ആറ് ഗ്രാമപഞ്ചായത്തുകൾ സേവന മേഖലയായി 1964-ൽ പ്രവർത്തനം ആരംഭിച്ച പീരുമേട് സബ്ട്രഷറി അന്നുണ്ടായിരുന്ന അതേ എണ്ണം തസ്തികകൾ മാത്രമായാണ് ഇപ്പോഴും പ്രവർത്തിക്കുന്നത് എന്നതിനാൽ ട്രഷറി സേവനം ലഭ്യമാക്കുന്നതിൽ നിരവധി പരിമിതികൾ ഉണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | ശ്രദ്ധയിൽപെട്ടിട്ടില്ല.<br><br>പീരുമേട് സബ്ട്രഷറിയിൽ നിന്നും ജീവനക്കാരുടെ എണ്ണത്തിലെ പരിമിതി കാരണം, സേവനങ്ങൾ ലഭ്യമാക്കുന്നതിൽ ബുദ്ധിമുട്ടുകൾ വരുന്നത് സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നോ, ട്രഷറി പരിധിയിൽ വരുന്ന ഓഫീസുകളിൽ നിന്നോ കത്തുകളോ പരാതികളോ ലഭിച്ചിട്ടില്ല. |
| (ബി) | സബ്ട്രഷറി പ്രവർത്തനം ആരംഭിക്കുമ്പോൾ സേവനമേഖലയിൽ ഉണ്ടായിരുന്ന സർക്കാർ ഓഫീസുകൾ, ജീവനക്കാർ, പെൻഷൻകാർ എന്നിവരുടെ എണ്ണവും ട്രഷറി സേവനം ഉപയോഗപ്പെടുത്തുന്ന പൊതുജനങ്ങളുടെ എണ്ണവും പതിന്മടങ്ങ് വർദ്ധിച്ചിട്ടുണ്ട് എന്നതും ട്രഷറി സേവനമേഖലയുടെ വിവിധ പ്രദേശങ്ങളിൽ നിന്ന് ട്രഷറിയിൽ എത്തിച്ചേരുവാൻ നാല്പതോളം കിലോമീറ്റർ യാത്ര ചെയ്യേണ്ടി വരുന്നതും വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. എന്നാൽ, കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തിയതോടെ ട്രഷറി ഇടപാടുകാർക്ക് നിലവിൽ ഏതു ട്രഷറിയിൽ നിന്നും ഇടപാട് നടത്താൻ തക്കവണ്ണം ട്രഷറികൾ സജ്ജമായികഴിഞ്ഞതിനാൽ നിലവിൽ പുതിയ സബ്ട്രഷറികൾ ആരംഭിക്കുന്നത് പരിഗണനയിലില്ല. |
| (സി) | എങ്കിൽ ഈ സാഹചര്യങ്ങൾ പരിഗണനയിലെടുത്ത് പീരുമേട് നിയോജകമണ്ഡലത്തിൽ ഒരു സബ്ട്രഷറി കൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ | |

| | | |
|---|---|---|
| | സർക്കാരിന്റെ ഭാഗത്ത് നിന്നുമുണ്ടാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**